നടക്കുന്നത്. എന്നാൽ ഈ പോലീസ് ഉദ്യോഗസ്ഥൻമാർക്കു കിട്ടുന്ന യാതൊരു ആനുകൂല്യവും ജയിൽ വാർഡൻമാർ ഉൾപ്പെടെയുള്ള ജയിൽ ജീവനക്കാർക്ക് ലഭിക്കുന്നില്ല. പോലീസ് ഉദ്യോഗസ്ഥൻമാർക്ക് കിട്ടുന്ന അതേ ആനുകൂല്യങ്ങൾ ജയിൽ ജീവനക്കാർക്കും കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. കെ. കരുണാകരൻ : ജയിൽ ജീവനക്കാരുടെ പരാതികൾ പരിശോധിച്ച് പരിഹാരം കാണാൻവേണ്ടി ഈയടുത്ത അവസരത്തിൽ ഇൻഡ്യാ ഗവൺമെൻറ് നിയമിച്ച വിദഗ്ദ്ധസംഘം ഇവിടെ വന്നിരുന്നു. സംസ്ഥാന ഗവൺമെൻറും അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

ശ്രീ. ടി. കെ. അബ്ദു : പോലീസ് ഉദ്യോഗസ്ഥൻമാർക്കു നൽകുന്ന റിസ്ക് അലവൻസിനെ സംബന്ധിച്ച് അവരുടെ സർവ്വീസ് സംഘടനകൾ എന്തെങ്കിലും ഡിമാൻറ് ഗവൺമെൻറിൻറെ മുമ്പിൽ വച്ചിട്ടുണ്ടോ ? അവരുമായിട്ട് ആലോചിച്ചാണോ തീരുമാനങ്ങൾ എടുക്കുന്നത്.

ശ്രീ. കെ. കരുണാകരൻ : അവർക്ക് ആനുകൂല്യങ്ങൾ കൊടുക്കുന്ന കാര്യത്തെക്കുറിച്ച് ആരുമായും ആലോചിക്കാനില്ല. കൊടുക്കാൻ തീരുമാനിച്ചതനുസരിച്ചു കൊടുത്തു.

ശ്രീ. വർക്കല രാധാകൃഷ്ണൻ : പോലീസുകാരുടെ ജീവിതം തന്നെ റിസ്കാണ്. ആ നിലയ്ക്ക് പ്രത്യേകിച്ച് താഴെക്കിടയിലുള്ള പോലീസുകാർക്ക് ജീവിതം സുരക്ഷിതമാക്കാൻവേണ്ടി ഒരു കോംപ്രഹൻസീവ് ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. കരുണാകരൻ : അങ്ങനെയൊരു സ്കീം ഇപ്പോൾ പരിഗണനയിൽ ഇല്ല.

ശ്രീ. ടി. കെ. ഹംസ : 10 കൊല്ലം സർവ്വീസായിട്ടുള്ള ഉദ്യോഗസ്ഥൻമാർക്ക് ഒരു ഗ്രേഡ് അനുവദിച്ചുകൊടുക്കുക എന്നുള്ള സമ്പ്രദായം നിലവിലുണ്ട്. സാധാരണ പോലീസുകാർക്ക് അത് ഇതുവരെ അനുവദിച്ചിട്ടില്ല. അത് പരിഗണിക്കുവാൻ ഉദ്ദേശമുണ്ടോ ?

ശ്രീ. കെ. കരുണാകരൻ : ശമ്പള പരിഷ്കരണ കമ്മീഷൻറെ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിലാണ് ശമ്പളം നിശ്ചയിക്കുന്നത്. അതിനെക്കുറിച്ച് മറ്റ് എന്തെങ്കിലും നടപടി ഇപ്പോൾ സ്വീകരിക്കേണ്ടതുണ്ടെന്ന് കരുതുന്നില്ല.

മത്സ്യത്തൊഴിലാളി ഗ്രാമതലസംഘങ്ങൾ

* 284. [306] ശ്രീ. എൻ. ശക്തൻ നാടാർ :
,, എ. സി. ജോസ് :
,, മണിമംഗലത്തു കുട്ട്യാലി :
,, എം. എം. ഹസ്സൻ :
,, സ്റ്റീഫൻ പാട്ടുവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൽസ്യത്തൊഴിലാളി ഗ്രാമതലസംഘങ്ങളുടെ ഘടന എപ്രകാരമാണ് ; ഏതെല്ലാം ജില്ലയിൽ ഇവ നിലവിൽ വന്നു ;

(ബി) എത്ര ഗ്രാമതലസംഘങ്ങളിൽ ഭരണസമിതി രൂപീകരിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഭരണസമിതിയിലെ അംഗങ്ങൾ എത്ര ; എന്തെല്ലാം പ്രാതിനിധ്യമാണ് ഭരണസമിതിക്കുള്ളത് ?

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ.എൽ. ജേക്കബ്) : (എ) സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്ന മൽസ്യഫെഡ്ഡിന്റെ പ്രാഥമിക സംഘങ്ങളാണ് മൽസ്യത്തൊഴിലാളി ഗ്രാമതലസംഘങ്ങൾ. ഈ സംഘങ്ങൾ മൽസ്യത്തൊഴിലാളി ഗ്രാമങ്ങളിലാണ് പ്രവർത്തിക്കുന്നത്. 18 വയസ് പൂർത്തിയായ മാനസിക രോഗിയല്ലാത്ത ഏതു മൽസ്യത്തൊഴിലാളിക്കും ഗ്രാമതല സംഘത്തിൽ അംഗമായിരിക്കാം.

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിൽ ഗ്രാമതല സംഘങ്ങൾ നിലവിൽ വന്നിട്ടുണ്ട്.

(ബി) 135 ഗ്രാമതല സംഘങ്ങളിൽ ഭരണസമിതി രൂപീകരിച്ചു.

(സി) ഓരോ ഭരണസമതിയിലും നാലു മുതൽ എട്ടുവരെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും രണ്ട് ഗവൺമെന്റ് പ്രതിനിധികളും ഉണ്ടായിരിക്കും. വെൽഫെയർ സൊസൈറ്റീസ് ആക്ട് ഭേദഗതി ചെയ്തു ഈ സൊസൈറ്റികളിലെ എല്ലാ അംഗങ്ങളും ആദ്യത്തെ മൂന്നു വർഷത്തേക്ക് ഗവൺമെന്റ് നാമനിർദ്ദേശം ചെയ്ത അംഗങ്ങളായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ശ്രീ. എൻ. ശക്തൻ നാടാർ : ഗ്രാമതലത്തിൽ ഭരണ സമിതി രൂപീകരിക്കാത്ത ജില്ലകളിൽ ഭരണസമിതി രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. എ. എൽ. ജേക്കബ് : ഇന്നുള്ള സമിതികളുടെ കാലാവധി ഫെബ്രുവരിയിലാണ് അവസാനിക്കുക. അത് കഴിഞ്ഞതിനുശേഷം ഇക്കാര്യം പരിഗണിക്കും.

ശ്രീ. എൻ. ശക്തൻ നാടാർ : മത്സ്യഫെഡ്ഡിന്റെ ജില്ലാതല സമിതികളെല്ലാം ജില്ലകളിൽ രൂപീകരിച്ചിട്ടുണ്ട്. രൂപീകരിക്കാത്ത ജില്ലകളിൽ അടിയന്തിരമായി രൂപീകരിക്കുന്നതിന് തയ്യാറാകുമോ ?

ശ്രീ. എ. എൽ. ജേക്കബ് : ആകെ രൂപീകരിച്ചിട്ടുള്ള മത്സ്യത്തൊളിലാളി സംഘങ്ങൾ 241. കടലോരസംഘങ്ങൾ 222. ഉൾനാടൻ സംഘങ്ങൾ 21.

135 ഗ്രാമതലസംഘങ്ങളിൽ ഭരണസമിതി രൂപീകരിച്ചിട്ടുള്ളതിന്റെ ജില്ല തിരിച്ചിട്ടുള്ള കണക്ക് വായിക്കാം.

തിരുവനന്തപുരം 42, കൊല്ലം 27, എറണാകുളം 21, തൃശ്ശൂർ 18, കണ്ണൂർ, കാസർകോട് 27, ആലപ്പുഴ 30, മലപ്പുറം 21, കോഴിക്കോട് 34, അങ്ങനെ 222.

ഉൾനാടൻ സംഘങ്ങൾ കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ മൂന്ന് വീതം ആകെ 21.

ശ്രീ. എം. എം. ഹസ്സൻ : രൂപീകൃതമായിട്ടുള്ള ഈ ഗ്രാമങ്ങൾക്കെല്ലാം പ്രവർത്തനങ്ങൾക്കാവശ്യമായ പണം നൽകാൻ സാധിച്ചിട്ടുണ്ടോ ; ഏതെങ്കിലും സംഘത്തിന് നൽകിയിട്ടില്ലെങ്കിൽ എന്താണ് കാരണം ?

ശ്രീ. എ. എൽ. ജേക്കബ് : റിക്വയർമെന്റ് കൊടുത്തിട്ടുണ്ട്. പണത്തിന്റെ ബുദ്ധിമുട്ടുകൊണ്ട് മുഴുവനും ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly